**File No.CEE/552/2022-TA3**

# കേരളസർക്കാർ

## പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**
**ശാന്തി നഗർ, തിരുവനന്തപുരം– 695001**

## പത്രക്കുറിപ്പ്

## 2022 – ലെ എൽ.എൽ.എം കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷയ്ക്ക് അപേക്ഷകൾ ക്ഷണിച്ചു

കേരളത്തിലെ നാല് സർക്കാർ ലോ കോളേജുകളിലേയും സംസ്ഥാന സർക്കാരുമായി സീറ്റ് പങ്കിടുന്ന സ്വകാര്യ ലോ കോളേജുകളിലേയും 2022–23 അദ്ധ്യയന വർഷത്തെ എൽ.എൽ.എം കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷയ്ക്ക് അപേക്ഷകൾ ക്ഷണിച്ചു. കേരളത്തിലെ വിവിധ കേന്ദ്രങ്ങളിൽ വച്ച് **06.11..2022** ന് ഈ അധ്യയന വർഷത്തെ എൽ.എൽ.എം പ്രവേശന പരീക്ഷ നടത്തുന്നതാണ്. പരീക്ഷയുടെ സമയവും മറ്റു വിശദാംശങ്ങളും പിന്നീട് അറിയിക്കുന്നതാണ്. വിദ്യാർഥികൾക്ക് **22.10.2022 വൈകുന്നേരം 4** മണിവരെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റ് വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്.

പ്രവേശന പരീക്ഷാ കമ്മീഷണർ മുഖാന്തിരം നടത്തുന്ന പ്രവേശന പരീക്ഷകളുടെ ഓൺലൈൻ അപേക്ഷ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും അപ്ലോഡ് ചെയ്യു സർട്ടിഫിക്കറ്റുകളിലെ അപാകതകൾ മൂലമുണ്ടാകുന്ന പരാതികൾ ഒഴിവാക്കുന്നതിനുമായി എൽ.എൽ.എം കോഴ്സിന്റെ ഓൺലൈൻ അപേക്ഷയിൽ ചില മാറ്റങ്ങൾ വരുത്തിയത് വിദ്യാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട സർട്ടിഫിക്കറ്റുകൾ /രേഖകൾ എന്നിവ സംബന്ധിച്ച് ഓൺലൈൻ അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ വിദ്യാർത്ഥി സശ്രദ്ധം പൂരിപ്പിക്കേണ്ടതും, തെറ്റായതും/അപൂർണ്ണവുമായ വിവരങ്ങൾ നൽകി അപേക്ഷസമർപ്പിക്കുന്നത് സംവരണം/ഫീസ് തുടങ്ങിയ ആനുകൂല്യങ്ങൾ നിരസിക്കുന്നതിനിടയാക്കുമെന്നതിനാൽ അപേക്ഷ സശ്രദ്ധം സമർപ്പിക്കേണ്ടതുമാണ്.

അക്ഷയ കേന്ദ്രങ്ങൾ വഴി അപേക്ഷ സമർപ്പിക്കുന്ന നിരവധി വിദ്യാർത്ഥികളുടെ സംവരണം/ ഫീസ് സംബന്ധിച്ച രേഖകളിലെ അപാകതകൾ മൂലം ആനുകൂല്യങ്ങൾ നിരസിക്കാനിടയാകുന്നത് പ്രവേശന പരീക്ഷാ കമ്മീഷണറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ, എൽ.എൽ.എം അപേക്ഷ അക്ഷയ സംവിധാനം വഴി സമർപ്പിക്കുന്നവരും, സമർപ്പിച്ച രേഖകൾ സംബന്ധിച്ച വിവരങ്ങൾ പരിശോധിച്ച് ഉറപ്പുവരുത്തിയതിനു ശേഷം മാത്രമേ അന്തിമ സമർപ്പണം നടത്താൻ പാടുള്ളൂ. എൽഎൽ.എം കോഴ്സ് പ്രോസ്പെക്ടസ്, വിജ്ഞാപനങ്ങൾ എന്നിവ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signature Not Verified
Digitally signed by INDIRASEKAR K IAS
Date: 2022.10.17 10:19:27 IST
Reason: Approved

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
**17/10/2022**